PAN/5771/2020-B1(DP)

പഞ്ചായത്ത് ഡയറക്ടറേറ്റ്, വികാസ് ഭവൻ പി.ഒ.
തിരുവനന്തപുരം - 695033
ഓഫീസ്: 0471-2786309, മൊബൈൽ: 9496040605
ഇമെയിൽ: crbdkerala@gmail.com
തീയതി : 19/04/2020

## സർക്കുലർ

വിഷയം:- പഞ്ചായത്ത് വകുപ്പ് - കോവിഡ് 19 - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജനന-മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനുമുള്ള കാലാവധി ദീർഘിപ്പിച്ചു നൽകുന്നത് - സംബന്ധിച്ച്

സൂചന :- 1) മലപ്പുറം ഡിഡിപിയുടെ 28.03.2020 ലെ എ 1-46/2020 നം കത്ത്
2)1897- ലെ ജനറൽ ക്ലോസസ് ആക്ടിലെ സെക്ഷൻ 10

കോവിഡ് 19 സംബന്ധമായി രാജ്യമൊട്ടാകെ ലോക്ക് ഡൗൺ പ്രഖ്യാപിച്ചിട്ടുള്ളതിനാൽ ഓഫീസുകൾ തുറന്നു പ്രവർത്തിക്കുന്നതിനും, പൊതുജനങ്ങൾക്ക് സഞ്ചാര സ്വാതന്ത്ര്യത്തിനും നിയന്ത്രണമേർപ്പെടുത്തിയിരുന്ന പ്രത്യേക സാഹചര്യത്തിൽ സംസ്ഥാനത്ത് സിവിൽ രജിസ്ട്രേഷനുകൾ സംബന്ധിച്ച് യഥാസമയം നടപടികൾ സ്വീകരിക്കാൻ കഴിയാത്തതിനാൽ രജിസ്ട്രേഷനുകൾ സംബന്ധിച്ച നിശ്ചിത കാലാവധികൾ ദീർഘിപ്പിച്ച് നൽകണമെന്ന സൂചന അപേക്ഷയും സമാനമായ മറ്റപേക്ഷകളും പരിഗണിച്ച് താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

കോവിഡ് 19 സംബന്ധമായി രാജ്യവ്യാപകമായി നിലവിലുള്ള ലോക്ക് ഡൗൺ കാലയളവിൽ 21 ദിവസം കഴിയുന്നതും ലോക്ക് ഡൗൺ അവസാനിക്കുന്ന ദിവസം റിപ്പോർട്ടിംഗ് കാലാവധി കഴിയുന്നതുമായ ജനന മരണങ്ങൾ യഥാസമയം റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിലോ രജിസ്ട്രേഷൻ നടന്നിട്ടില്ലെങ്കിലോ, അപ്രകാരമുള്ള അപേക്ഷകൾ സൂചന (2) പ്രകാരം യഥാസമയം റിപ്പോർട്ട് ചെയ്തതായി കണക്കാക്കി രജിസ്റ്റർ ചെയ്യാവുന്നതാണ്. ഈ കാലയളവിൽ ടെലഫോൺ, ഇ-മെയിൽ മുഖേനയും വാക്കാൽ നൽകുന്നതുമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ യഥാസമയം ഇൻവാർഡ് ചെയ്യേണ്ടതും ലോക്ക് ഡൗൺ അവസാനിക്കുന്നതിന്റെ അടുത്ത ദിവസം റിപ്പോർട്ട് വാങ്ങി രജിസ്റ്റർ ചെയ്യേണ്ടതുമാണ്. പൊതുജനങ്ങളുടെ അറിവിലേക്കായി ജനന - മരണ രജിസ്ട്രേഷൻ നടപടിക്രമങ്ങളിൽ വരുത്തിയിട്ടുള്ള മേൽ ഇളവുകൾ സംബന്ധിച്ച് രജിസ്ട്രാർമാർ വ്യാപകമായ പ്രചാരണം നടത്തേണ്ടതാണ്. ഇൻഫർമേഷൻ കേരള മിഷൻ ഇതിനാവശ്യമായ ക്രമീകരണങ്ങൾ സോഫ്റ്റ്വെയറിൽ വരുത്തേണ്ടതാണ്.

ജോസ്നമോൾ എസ്.

Scanned with CamScanner

ചീഫ് രജിസ്ട്രാർ

എല്ലാ ജനന മരണ രജിസ്ട്രാർമാർക്കും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
എല്ലാ നഗരസഭ സെക്രട്ടറിമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ജനന മരണ രജിസ്ട്രാർമാർക്ക് സർക്കുലറിന്റെ പകർപ്പ് നൽകേണ്ടതാണ്)
പ്രിൻസിപ്പൽ സെക്രട്ടറി , തദ്ദേശ സ്വയംഭരണ വകുപ്പ് (ഉപരിപത്രം സഹിതം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. (ഉപരിപത്രം സഹിതം)
എല്ലാ ബ്രാഞ്ച് ഓഫീസർമാർക്കും
എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും
പബ്ലിസിറ്റി ഓഫീസർ
കരുതൽ ഫയൽ/അധികം

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Scanned with CamScanner